ഉത്തരം

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ 11-6-2012-ലെ സ.ഉ.(പി) നമ്പർ 332/12/ധന. ഉത്തരവിൽ വിശദീകരിക്കുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് സമയക്രമം നിശ്ചയിച്ചു കൊണ്ട് 28-12-2012-ലെ സർക്കുലർ നമ്പർ 73/12/ധന. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ഉത്തരവ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ധനവകുപ്പ് ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി അംഗീകരിച്ചതായ പ്രവൃത്തികൾക്ക് അടുത്ത 10 ദിവസത്തിനുള്ളിൽതന്നെ ഭരണാനുമതി നൽകണ മെന്ന് ടി സർക്കുലറിൽ നിഷ്കർഷിക്കുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നുന്നു.)*

(സി) ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് ചാത്തന്നൂർ എം.എൽ.എ. ശ്രീ. ജി. എസ്. ജയലാൽ സമർപ്പിച്ച കത്ത് 14-6-2013 തീയതിയിൽ, വിശദമായ എസ്റ്റിമേറ്റ് സഹിതം ഫയൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആ വകുപ്പിന്റെ ശുപാർശ ലഭ്യമായിട്ടില്ല.

**ധനകാര്യ വകുപ്പിൽ തീർപ്പുകൽപിക്കാനുള്ള ഫയലുകൾ**

122 (2343) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യവകുപ്പിൽ നിലവിൽ തീർപ്പുകൽപ്പിക്കാതെ എത്ര ഫയലു കളുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫയലുകളിൽ സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കൽ, റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കൽ, ഭൂമി ഏറ്റെടുക്കൽ എന്നീ ഇനങ്ങളിൽ ഓരോന്നിലും പണം അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി വന്ന എത്ര ഫയലുകൾ തീർപ്പാകാതെ നിലവിലുണ്ടെന്ന് വിശദമാക്കാമോ ;

(സി) വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള എത്ര ഫയലുകൾ നിലവിൽ തീർപ്പാക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 9530 ഫയലുകൾ.

(ബി) 133 ഫയലുകൾ.

(സി) 2759 ഫയലുകൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly